# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 6372 08.11.2016 -ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം - ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ കരാറിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥിതി വിശേഷം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. നടപ്പ് ജലവർഷ (2016-17)ത്തിൽ മണക്കടവ് വിയറിൽ കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടില്ല. കൂടാതെ കേരള ഷോളയാറിലെ ജലവിതാനം 2016 സെപ്തംബർ1-ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ എത്തിക്കുന്നതിലും 2016 സെപ്തംബർ 2 മുതൽ 2658 അടിയിൽ നിലനിർത്തുന്നതിലും തമിഴ് നാട് തയ്യാറായില്ല. |
| ബി) വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം നിശ്ചിത കാലയളവുകളിൽ ലഭിക്കാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (ബി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് മഴക്കുറവുള്ള വർഷങ്ങളിൽ അർഹതപ്പെട്ട ജലം ലഭിക്കാറില്ല. |
| സി) ഇല്ലെങ്കിൽ അതു ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാനം സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) പി.എ.പി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ആണ്. കേരളത്തിലേയും, തമിഴ് നാട്ടിലെയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി) യോഗങ്ങളിൽ ശക്തമായി ആവശ്യപ്പെടുകയും കേരള സർക്കാർ, തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് സമയോചിതമായി ഇടപെട്ട് കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു. ഈ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുമുണ്ട്. 2012-13 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പി.എ.പി.യിൽ നിന്ന് ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരായി 16.04.2013-ന്. ബഹു. സുപ്രീം |

കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീം കോടതിയിൽ കേസിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ